## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3570 — 23.06.2014 ന് മറുപടിയ്ക്ക്

### പാമ്പ് കടിയേറ്റ് മരണപ്പെടുന്നവർക്കുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിൽ നിലവിൽ ഏതെല്ലാം സാമ്പത്തിക/നഷ്ടപരിഹാര സഹായം നൽകുന്ന പദ്ധതികളാണ് ഉള്ളത് ; അതിന്റെ വിശദാംശങ്ങൾ നൽകാമോ ; | (എ) വന്യജീവി (സംരക്ഷണ) നിയമം 1972-ന്റെ 1 മുതൽ 4 വരെ ഷെഡ്യൂളുകളിൽപ്പെട്ട വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും, ജീവഹാനിയ്ക്കും, പരിക്കിനും ജനങ്ങൾക്ക് ധനസഹായം നൽകാൻ 1980-ൽ നിലവിൽ വന്ന Kerala Rules for Compensation to Victims of Attack by Wild Animals 1980 എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നിലവിലുള്ള നഷ്ടപരിഹാരത്തുക താഴെ പറയും പ്രകാരമാണ്. |

| ക്രമ നം. | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | 75000/- |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ100% (പരമാവധി 75000/- രൂപ) |
| 3 | പരിക്ക് | പരമാവധി 75000/- രൂപ. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ. |
| 4 | മരണം | 300000/- |
| 5 | വനത്തിനു പുറത്തുവച്ചുള്ള പാമ്പ് കടിയേറ്റ് മരണം | 100000/- |

വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്ന വ്യവസ്ഥ വർഷത്തിൽ നാലുതവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്

| | | |
|---|---|---|
| 1 | അപകട മരണം /അംഗവൈകല്യം | 100000/- രൂപവരെ |
| 2 | ചികിത്സാനുകൂല്യം - രോഗം മൂലമോ അപകടം മൂലമോ ഉണ്ടാകുന്ന ആശുപത്രി ചെലവ് | 5000/- രൂപവരെ |
| 3 | കന്നുകാലി നഷ്ടം | 5000/- രൂപവരെ |
| 4 | ആംബുലൻസ്/വാഹന വാടക | 1000/- രൂപവരെ |
| 5 | പ്രകൃതി ദുരന്തം/വന്യജീവി ആക്രമണം എന്നിവ മൂലം വീട്, കുടിലുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം | 5000/- രൂപവരെ |

ബി) വനത്തിന് പുറത്ത് താമസിക്കുന്ന മറ്റുള്ളവർ ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണം മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപവരെ (പ്രതിവർഷം പരമാവധി അഞ്ച് ലക്ഷം രൂപ) ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭവിച്ച സ്ഥലത്തെ റെയിഞ്ച് ഓഫീസർ വഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

(ബി) പാമ്പ് കടിയേറ്റ് മരിക്കുന്നവർക്ക് നൽകുന്ന സഹായങ്ങളുടെ ഇനത്തിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത് ?

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പാമ്പ് കടിയേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം നൽകിയ ഇനത്തിൽ 228 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ